**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3276** **01-03-2023 - ൽ മറുപടിയ്ക്ക്**

**എസ്.എസ്.കെ. യിലെ കല, കായിക, പ്രവൃത്തിപരിചയ അദ്ധ്യാപകരുടെ ശമ്പളം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ എം വിൻസെൻറ് ,<br>ശ്രീമതി.ഉമ തോമസ്,<br>ശ്രീ. സനീഷ്കുമാർ ജോസഫ് | | ശ്രീ വി ശിവൻകുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | സമഗ്ര ശിക്ഷ കേരളം പദ്ധതിയുടെ ഭാഗമായി കല, കായിക, പ്രവൃത്തിപരിചയ അദ്ധ്യാപകരായി നിയമിച്ചിട്ടുള്ളവർക്ക് അർഹമായ ശമ്പളം ഉറപ്പുവരുത്താൻ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ? | (എ) | ഓരോ വർഷവും കേന്ദ്രവിദ്യാഭ്യാസ മന്ത്രാലയം അനുവദിക്കുന്ന തുകയാണ് സ്പെഷ്യലിസ്റ്റ് അധ്യാപകർക്ക് നൽകി വന്നിരുന്നത്. എന്നാൽ ഇങ്ങനെ അനുവദിക്കപ്പെടുന്ന തുകയിൽ ഓരോ വർഷവും ക്രമാനുഗതമായ കുറവ് വന്നിട്ടുണ്ട്. ഈ കുറവ് പരിഹരിക്കാനായി 23.02.2023ൽ ബഹു.വിദ്യാഭ്യാസ തൊഴിൽ വകുപ്പ് മന്ത്രിയും, പൊതുവിദ്യാഭ്യാസ പ്രിൻസിപ്പൽ സെക്രട്ടറിയും എസ്.എസ്.കെ ഡയറക്ടർ, സ്പെഷ്യലിസ്റ്റ് അധ്യാപക സംഘടനയുടെ യൂണിയൻ നേതാക്കൾ എന്നിവരുടെ സാന്നിധ്യത്തിൽ നടത്തിയ ചർച്ചയുടെ അടിസ്ഥാനത്തിൽ വേതനം 13,400/-രൂപയായി വർദ്ധിപ്പിക്കുന്നതിന് തീരുമാനിച്ചു. 13,400/-രൂപയുടെ 12% വരുന്ന 1608/- രൂപ ഇ.പി.എഫ് (എംപ്ലോയർ കോൺട്രിബ്യൂഷൻ) ആയി നൽകുന്നതിനും തീരുമാനിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ